(ബി) തൊഴിലാളി ക്ഷേമം മുൻനിർത്തിയാണ് തൊഴിലാളി നിയമങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. ക്ഷേമനിധി ബോർഡുകൾ വിവിധ തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ലാഭം തിട്ടപ്പെടുത്തുന്നത് ക്ഷേമനിധി നിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യത്തിൽ ഉൾപ്പെടുന്നതല്ല ആയതിനാൽ ക്ഷേമനിധി ബോർഡുകളുടെ ലാഭം തിട്ടപ്പെടുത്തിയിട്ടില്ല.

തൊഴിലാളി- തൊഴിലുടമാ അംശദായവും സർക്കാർ ഗ്രാന്റും ഉപയോഗിച്ചാണ് മിക്ക ക്ഷേമനിധി ബോർഡുകളും പ്രവർത്തിക്കുന്നത്. മേൽ തുകയിൽനിന്നും അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുകയും റിട്ടയറാകുമ്പോൾ പലിശയുൾപ്പെടെ തൊഴിലാളികൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. ഇതിൽനിന്നും ആവശ്യമായ തുക മാത്രമാണ് ഭരണച്ചെലവുകൾക്കായി വിനിയോഗിക്കുന്നത്.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ബോർഡുകൾ താഴെ പറയുന്നവയാണ്:

1. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്
6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

ഓരോ ക്ഷേമനിധി ബോർഡിന്റെയും ആസ്തി വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്

274 (939) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (പ്ലാൻ) 2013-14 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ആയതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 വർഷത്തെ (പ്ലാൻ) ബഡ്ജറ്റിൽ അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കായി തുകയൊന്നും നീക്കിവയ്ക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

(ബി) നിലവിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ നഴ്സുമാരുടെ പുനരധിവാസം

275 (940) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആഭ്യന്തരയുദ്ധംമൂലം വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ നഴ്സുമാരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

ആഭ്യന്തര സംഘർഷത്തെത്തുടർന്ന് ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലെ പ്രശ്നബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയവർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ മേഖലയിലെ തൊഴിൽ ദാതാക്കളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർക്കുകയും തുടർന്ന് തൊഴിൽ ദാതാക്കൾ ഇപ്രകാരം തിരികെയെത്തിയവരുമായി കൂടിക്കാഴ്ച നടത്തി തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. ഇവരിൽനിന്നും 23 നഴ്സുമാർക്ക് എൻ.എം.സി. ഗ്രൂപ്പിലും അൽ - അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേർക്ക് യു.എ.ഇ.-യിലും ജോലി ലഭിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാരേഖകൾ തയ്യാറായി വരുന്നു. ഇതിനുപുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ നോർക്ക റൂട്ട്സിന്റെ ജോബ് പോർട്ടലിൽ (www.jobsnorka.gov.in) പ്രത്യേക രജിസ്ട്രേഷൻ സൗകര്യം ഇത്തരത്തിൽ തിരികെയെത്തിയവർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്കായി പ്രത്യേക പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. തിരികെയെത്തിയ പ്രവാസി മലയാളികൾക്കായി നിലവിലുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് ഇവർക്കും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly